**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3818** **27-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം- ചെങ്കോട്ട റെയിൽവേ ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ ചരക്ക് നീക്കം സുഗമമാക്കുന്നതിനായി പുതിയ റെയിൽവേ ലൈനുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വരെ നീളുന്നതും എം.സി റോഡിന് സമാന്തരമായതും സംസ്ഥാനത്തിന്റെ കിഴക്ക് ഭാഗത്തെ ഉൾപ്രദേശങ്ങളെയും തലസ്ഥാന നഗരത്തേയും ബന്ധിപ്പിക്കുന്നതുമായ ഒരു മൂന്നാം റെയിൽവേ ഇടനാഴി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത് യാഥാർത്ഥ്യമാകുന്നതോടെ അന്തർ സംസ്ഥാന ചരക്ക് നീക്കവും ട്രെയിൻ യാത്രകളും കൂടുതൽ സുഗമമാവും. ഇത് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ഉത്തരേന്ത്യയുമായി ബന്ധിപ്പിക്കുന്ന രീതിയിലാണ് പ്രപ്പോസ് ചെയ്തിരിക്കുന്നത്. |
| (ബി) | തമിഴ്നാട്ടുമായുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിനായി തിരുവനന്തപുരം-ചെങ്കോട്ട റെയിൽവേ ലൈൻ യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വരെ നീളുന്നതും എം.സി റോഡിന് സമാന്തരമായതും സംസ്ഥാനത്തിന്റെ കിഴക്ക് ഭാഗത്തെ ഉൾപ്രദേശങ്ങളെയും തലസ്ഥാന നഗരത്തേയും ബന്ധിപ്പിക്കുന്നതുമായ ഒരു മൂന്നാം റെയിൽവേ ഇടനാഴി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത് യാഥാർത്ഥ്യമാകുന്നതോടെ അന്തർ സംസ്ഥാന ചരക്ക് നീക്കവും ട്രെയിൻ യാത്രകളും കൂടുതൽ സുഗമമാവും. ഇത് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ഉത്തരേന്ത്യയുമായി ബന്ധിപ്പിക്കുന്ന രീതിയിലാണ് പ്രപ്പോസ് ചെയ്തിരിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് റെയിൽവേ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തത് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. റെയിൽവേ വികസന പദ്ധതികൾക്കായി ബഹു. മുഖ്യമന്ത്രി കേന്ദ്രമന്ത്രിയെയും പ്രധാന മന്ത്രിയേയും നേരിൽ കാണുകയും നിരവധി തവണ കത്ത് നൽകുകയും ചെയ്തുവന്നിട്ടുള്ളതാണ്. സംസ്ഥാനത്ത് റെയിൽവേ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ സമയബന്ധിതമയായി പൂർത്തീകരിക്കുന്നതിനായി |

ഇന്ത്യൻ റെയിൽവേയുടെ പങ്കാളിത്തത്തോടെ സംയുക്ത സംരംഭം ആവിഷ്കരിക്കുക എന്ന ആശയത്തിന് അനുസൃതമായി, ജെവി കമ്പനി രൂപികരിക്കുകയും പദ്ധതികൾ ആവിഷ്കരിച്ച് വരികയുമാണ്. സിൽവർലൈൻ, തലശ്ശേരി -മൈസൂർ, നിലമ്പൂർ - നഞ്ചൻകോട്,അങ്കമാലി-ശബരി റെയിൽ പദ്ധതി, 27 ആർ.ഒ.ബി / ആർ.യു.ബി എന്നിവയാണ് അതിൽ പ്രധാന പദ്ധതികൾ.

സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് അംഗീകാരത്തിനായി 17.06.2020 ന റെയിൽവേ ബോർഡിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. പദ്ധതിക്കു എത്രയും പെട്ടെന്നു അംഗീകാരം ലഭിക്കുന്നതിനു വേണ്ട യോഗങ്ങളും കത്തിടപാടുകളും റെയിൽവേയുമായി സംസ്ഥാന സർക്കാർ നടത്തിവരികയാണ്. തലശ്ശേരി - മൈസൂർ, നിലമ്പൂർ -നഞ്ചൻകോട് പദ്ധതി ഇപ്പോൾ വിവിധ തലങ്ങളിലായി അവലോകന ഘട്ടത്തിലാണ്. പദ്ധതിയുടെ കർണ്ണാടക ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട് എതിർപ്പ് നിലനിലനിൽക്കുന്നുമുണ്ട്. നിലമ്പൂർ-നഞ്ചൻകോട് ലൈനിന്റെ സർവേ (എഫ്.എൽ.എസ്) നടത്താൻ റെയിൽവേ മന്ത്രാലയം ഇപ്പോൾ തീരുമാനിച്ചതിനാൽ ടി സർവ്വേ വേഗത്തിൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞാൽ തലശ്ശേരി-മൈസൂർ പാത നിലമ്പൂർ-നഞ്ചൻകോട് ലൈനുമായി കണക്ട് ചെയ്തുകൊണ്ട് കർണാടക മേഖലയിൽ രണ്ട് പദ്ധതികൾക്കുമായി പൊതുവായ അലൈൻമെന്റ് ആവിഷ്കരിക്കുവാൻ കഴിയുന്നതാണ്. പ്രസ്തുത പ്രവൃത്തി ദ്രുത ഗതിയിലാക്കുന്നതിനു ബഹു. മുഖ്യമന്ത്രി കേന്ദ്ര റെയിൽമന്ത്രിക്കു കത്ത് നൽകിയിട്ടുണ്ട്.

അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചിലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നതാണെന്ന് G.O. (MS) No. 1/2021/Trans. Dt. 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് റെയിൽവേയുടെ നിർദ്ദേശപ്രകാരം തന്നെ പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി ഡി.പി.ആർ സമർപ്പിച്ചു എങ്കിലും പദ്ധതി ഇപ്പോഴും മരവിപ്പിച്ചിരിക്കുകയാണ്. എസ്റ്റിമേറ്റിനുള്ള അംഗീകാരവും ലഭിച്ചിട്ടില്ല. ആയതു ലഭ്യമാകുന്നതിനും കേന്ദ്ര റെയിൽ മന്ത്രിക്കു കത്ത് നൽകിയിട്ടുണ്ട്. 27 ആർ.ഒ.ബി / ആർ.യു.ബി കളുടെ നിർമ്മാണവുമായി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് 8 ആർ.ഒ.ബി / ആർ.യു.ബികൾക്ക് റെയിൽവേ 100 ശതമാനം തുകയും വഹിക്കുന്നതിനു അനുമതി ലഭ്യമായിട്ടുണ്ട്. ഇതു പ്രകാരം മറ്റു ആർ.ഒ.ബി കൾക്കുള്ള അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പാത ഇരടിപ്പിക്കൽ പ്രവർത്തികളും, മറ്റു റെയിൽവേ പദ്ധതികളുമെല്ലാം പൂർത്തിയാക്കുന്നതിന് റെയിൽവേ മന്ത്രാലയവുമായി സഹകരിച്ച് കൊണ്ട് സംസ്ഥാന സർക്കാർ എല്ലാ പിന്തുണയും നൽകുന്നുണ്ട് |

സെക്ഷൻ ഓഫീസർ